**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5015** | **01-11-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കളക്ടറേറ്റ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ നടപ്പിലാക്കി വരുന്ന ഇ-ഓഫീസ് സംവിധാനത്തിൽ സെക്രട്ടേറിയറ്റിൽ ആവിഷ്കരിച്ച രീതിയിൽ കംപ്യൂട്ടർ നമ്പർ ഉപയോഗിച്ച് ഫയലിന്റെ ഓരോ സ്റ്റേജിലുമുള്ള അവസ്ഥ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രൂപത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. സെക്രട്ടറിയേറ്റിൽ ആവിഷ്കരിച്ചിരിക്കുന്ന രീതിയിൽ ഫയലിന്റെ വിവിധ മൂവ്മെന്റ് സ്റ്റേജുകൾ പൊതുജനങ്ങൾക്ക് കാണുന്ന തരത്തിൽ കളക്ടറേറ്റ്, താലൂക്ക് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഒരുക്കുന്നതിനാണ്  ഉദ്ദേശിക്കുന്നത്. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (ബി) | ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ മുഖാന്തിരം പൊതുജനങ്ങൾക്ക് കളക്ടറേറ്റ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിലെ ഇ-ഓഫീസ് ഫയൽ നിലവിൽ ആരുടെ കൈവശമാണ് ഉള്ളത് എന്ന് മനസ്സിലാക്കുവാൻ കഴിയുന്നതാണ്. സെക്രട്ടറിയേറ്റിൽ ആവിഷ്കരിച്ചിരിക്കുന്ന രീതിയിൽ ഫയലിന്റെ വിവിധ മൂവ്മെന്റ് സ്റ്റേജുകൾ കാണുന്ന തരത്തിൽ കളക്ടറേറ്റ്, താലൂക്ക് ഓഫീസുകളിൽ സംവിധാനമൊരുക്കുന്നതിന് സംസ്ഥാനത്ത് ഇ-ഓഫീസ് കസ്റ്റമൈസേഷൻ പ്രവർത്തനങ്ങൾ ചെയ്യുന്ന ഐ. റ്റി. മിഷനുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മൂന്ന് വർഷത്തിനകം എല്ലാ ഓഫീസുകളും ഇ ഓഫീസ് സംവിധാനത്തിലേക്കു മാറ്റാനാണ് ഉദ്ദേശിക്കുന്നത് . |

സെക്ഷൻ ഓഫീസർ